(സി) 3,32,07,500 (മൂന്ന് കോടി മുപ്പത്തിരണ്ടു ലക്ഷത്തി ഏഴായിരത്തി അഞ്ഞൂറ്) രൂപ ചെലവഴിച്ചു.

(ഡി) രണ്ടാം ഘട്ടം പൂർത്തിയായി കഴിഞ്ഞു.

(ഇ) നിലവിൽ പുതിയ പദ്ധതി പരിഗണനയിലില്ല.

പരപ്പനങ്ങാടി കെട്ടുങ്ങൽ ബീച്ച് ടൂറിസ്റ്റ് കേന്ദ്രമാക്കാനുള്ള നടപടികൾ

112(320) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി കെട്ടുങ്ങൽ ബീച്ച് ടൂറിസ്റ്റ് കേന്ദ്രമാക്കി വികസിപ്പിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) മലപ്പുറം ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലൊന്നായി ഇതിനെ വികസിപ്പിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി കെട്ടുങ്ങൾ ബീച്ച് ടൂറിസം കേന്ദ്രമാക്കി വികസിപ്പിക്കുന്നതിനുള്ള ഒരു നിർദ്ദേശം ലഭിച്ചിരുന്നു. എന്നാൽ ടൂറിസം വകുപ്പിന്റെ പരിമിതമായ പദ്ധതി വിഹിതത്തിൽ നിന്നുകൊണ്ട് ഈ പദ്ധതി ഇപ്പോൾ നടപ്പാക്കാൻ പ്രയാസമാണ്.

കണ്ണൂർ ജില്ലയിൽ വിനോദസഞ്ചാരമേഖലയിലെ പുതിയ പദ്ധതികൾ

113(321) ശ്രീ. സി. കെ. പി. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം കണ്ണൂർ ജില്ലയിൽ എന്തെല്ലാം പുതിയ പദ്ധതികളാണ് വകുപ്പിന് കീഴിൽ നടപ്പിലാക്കിയത് ;

(ബി) ഇതിലേയ്ക്കായി എത്ര തുക ഇതിനകം ചെലവഴിച്ചിട്ടുണ്ട് ;

(സി) തലശ്ശേരി കേന്ദ്രമായി നടപ്പിലാക്കിവരുന്ന 'പൈതൃകം' പദ്ധതിയുടെ പുരോഗതി അറിയിക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഏകദേശം 15കോടി രൂപ.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) തലശ്ശേരി മേഖലയിലെ ചരിത്രസ്മാരകങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കേരള ചരിത്രത്തിന്റെ പരിച്ഛേദം സന്ദർശകർക്ക് പകർന്ന് കൊടുക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന തലശ്ശേരി പൈതൃക സംരക്ഷ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇത് കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തിനായി സമർപ്പിക്കുന്നതാണ്. കൂടാതെ സംസ്ഥാന സർക്കാരിന്റെ ഫണ്ടുപയോഗിച്ച് നടപ്പാക്കുന്ന പദ്ധതികൾക്ക് ഭരണാനുമതി ആയിട്ടുണ്ട്. ടെണ്ടർ നടപടി ആയി വരുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട് നിർമ്മാണ പ്രവർത്തനങ്ങൾ ഈ മാസം ആരംഭിക്കും.

വയനാട് ജില്ലയിലെ വിനോദസഞ്ചാര മേഖലയിലെ വികസനപ്രവർത്തനങ്ങൾ

114(322) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട് ഈ സർക്കാർ വയനാട് ജില്ലയിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ മണ്ഡലം തിരിച്ച് വിശദമാക്കുമോ :

(ബി) ഈ സർക്കാരിന്റെ കാലത്ത് ജില്ലയിലെ വിനോദസഞ്ചാര മേഖലയിൽ ഉണ്ടായ പുരോഗതി വിശദമാക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി I ആയി ചേർത്തിരിക്കുന്നു*.

(ബി) ഈ സർക്കാരിന്റെ കാലത്ത് വയനാട് ജില്ലയിലെ അടിസ്ഥാന സൗകര്യവികസനത്തിന് കൂടുതൽ ശ്രദ്ധപതിപ്പിച്ച നിരവധി പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ഇതനുസരിച്ച് ടൂറിസം പ്രാധാന്യമുള്ള പ്രധാനപ്പെട്ട നിരവധി റോഡുകളുടെ നിർമ്മാണം ഈ കാലയളവിൽ പൂർത്തിയാക്കിയിട്ടുണ്ട്. വൈത്തിരി-പൂക്കോട് തടാകം റോഡ്, കുഞ്ഞോം-ഡയറോം അങ്ങാടി - കുഞ്ഞിച്ചിറ റോഡ് എന്നിവ ഈ കാലയളവിൽ പൂർത്തീയാക്കുകയുണ്ടായി. കൂടാതെ കുറുവ, എടയ്ക്കൽ, തിരുനെല്ലി എന്നീ ഡെസ്റ്റിനേഷനുകളുടെ സംരക്ഷണത്തിനും ആസൂത്രിത വികസനത്തിനുമായി ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. വയനാടിന്റെ സമഗ്ര ടൂറിസം വികസനത്തിനു ഉപയുക്തമാകുന്ന തരത്തിൽ ആസൂത്രിത വികസനം ലക്ഷ്യമിട്ടുകൊണ്ട് മാസ്റ്റർ പ്ലാൻ തയ്യാറാക്കാനുള്ള നടപടിയും ഈ കാലയളവിൽ സ്വീകരിച്ചിട്ടുണ്ട്. മലബാർ പാക്കേജിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിലെ 7 പ്രധാന റോഡുകൾ നവീകരിക്കുന്നതിനുള്ള ഒരു പദ്ധതിയും പി.ഡബ്ലിയു.ഡി.-യുടെ ആഭിമുഖ്യത്തിൽ നടന്നു വരുന്നു. കൂടാതെ ഉത്തരവാദ ടൂറിസത്തിന്റെ ഭാഗമായും വയനാട് ജില്ലയിൽ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly